# മഹാത്മാ ഗാന്ധി സർവ്വകലാശാല

പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

*പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-* 686560

***ഫോൺ:*** 0481-2733370


## വാർത്താക്കുറിപ്പ്

**2025 ജനുവരി 27**

---

## മഹാത്മാ ഗാന്ധി സർവകലാശാലയിൽ റിപ്പബ്ലിക് ദിനം ആഘോഷിച്ചു

*മഹാത്മാ ഗാന്ധി സർവകലാശാലയിലെ റിപ്പബ്ലിക് ദിനാഘോഷച്ചടങ്ങിൽ വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ ദേശീയ പതാക ഉയർത്തി പരേഡിന്റെ അഭിവാദ്യം സ്വീകരിച്ചു. ഭരണഘടന ഉറപ്പു നൽകുന്ന അഭിപ്രായ സ്വാതന്ത്ര്യം സംരക്ഷിക്കുന്നതിന് എല്ലാവരും ഒന്നിച്ചു പ്രവർത്തിക്കേണ്ടതുണ്ടെന്ന് അദ്ദേഹം പറഞ്ഞു.*

*അസിസ്റ്റന്റ് സെക്യൂരിറ്റി ഓഫീസർ പ്രേം നസീർ പരേഡിന് നേതൃത്വം നൽകി. ജീവനക്കാരുടെയും അധ്യാപകരുടെയും സംഘടനാ പ്രതിനിധികൾ, പഠന വകുപ്പ് മേധാവികൾ, വിദ്യാർഥികളുടെ പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.*

*ഫോട്ടോ ക്യാപ്ഷൻ...*

MGU RD 1

*മഹാത്മാ ഗാന്ധി സർവകലാശാലയിൽ നടന്ന റിപ്പബ്ലിക് ദിനാഘോഷച്ചടങ്ങിൽ വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ ദേശീയ പതാക ഉയർത്തുന്നു.*

MGU RD 2

*മഹാത്മാ ഗാന്ധി സർവകലാശാലയിൽ റിപ്പബ്ലിക് ദിനാഘോഷ ചടങ്ങിൽ വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ സന്ദേശം നൽകുന്നു.*

*(പി.ആർ.ഒ/39/1254/2025)*

## ഓണേഴ്സ് ബിരുദം; പുനർ മൂല്യനിർണയത്തിന് അപേക്ഷിക്കാം

*നാലു വർഷ ഓണേഴ്സ് ബിരുദ പ്രോഗ്രാമുകളുടെ ആദ്യ സെമസ്റ്റർ പരീക്ഷയുടെ പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ ഓൺലൈനിൽ സമർപ്പിക്കാം.*

*നിശ്ചിത ഫീസ് അടച്ച് അപേക്ഷിച്ചാൽ വിദ്യാർഥികൾക്ക് സ്റ്റുഡന്റ് പോർട്ടലിൽ ഉത്തരക്കടലാസുകളുടെ സ്കാൻ ചെയ്ത കോപ്പി പരിശോധിക്കാം. ഇങ്ങനെ അപേക്ഷിക്കുന്നവർക്കു മാത്രമേ പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും അപേക്ഷ നൽകാൻ കഴിയൂ.*

*സ്കാൻ ചെയ്ത ഉത്തരക്കടലാസ് ലഭിച്ച് പത്തു ദിവസത്തിനുള്ളിൽ നിശ്ചിത ഫീസ് അടച്ച് പുനർ മൂല്യനിർണയത്തിന് അപേക്ഷിക്കണം. വിശദ വിവരങ്ങൾ സ്റ്റുഡന്റ് പ്രൊഫൈലിൽ ലഭിക്കും.*

*(പി.ആർ.ഒ/39/1255/2025)*

## മികച്ച കോളജ് മാഗസിന് പുരസ്കാരം; 31 വരെ അപേക്ഷിക്കാം

*മഹാത്മാ ഗാന്ധി സർവകലാശാലയുടെ അഫിലിയേറ്റഡ് കോളജുകളിലെയും സർവകലാശാലാ കാമ്പസിലെ പഠന വകുപ്പുകളിലെയും മികച്ച മാഗസിനുള്ള പ്രഫ. യു.ആർ. അനന്തമൂർത്തി പുരസ്കാരത്തിന് ജനുവരി 31ന് വൈകുന്നേരം അഞ്ചുവരെ അപേക്ഷിക്കാം.*

*ഓട്ടോണമസ് കോളജുകൾ ഉൾപ്പെടെയുള്ള അഫിലിയേറ്റഡ് കോളജുകളിലെ 2023-24 അധ്യയന വർഷത്തെ മാഗസിനുകളുടെ മൂന്നു പകർപ്പുകൾ പ്രിൻസിപ്പലിന്റെ സാക്ഷ്യപത്രത്തോടൊപ്പമാണ് സമർപ്പിക്കേണ്ടത്. സർവകലാശാലയിലെ പഠന വകുപ്പുകളിലെ മാഗസിനുകൾ വകുപ്പ് മേധാവി സാക്ഷ്യപ്പെടുത്തണം.*

*അപേക്ഷ അയയ്ക്കേണ്ട വിലാസം-ഡയറക്ടർ, ഡിപ്പാർട്ട്മെന്റ് ഓഫ് സ്റ്റുഡന്റ് സർവീസസ്, സ്റ്റുഡന്റ് അമിനിറ്റീസ് സെന്റർ, മഹാത്മാ ഗാന്ധി സർവകലാശാല, പി.ഡി. ഹിൽസ് പി.ഒ, കോട്ടയം-686560. വിശദ വിവരങ്ങൾ സർവകലാശാലാ വെബ് സൈറ്റിൽ.*

*(പി.ആർ.ഒ/39/1256/2025)*

## എം.ജിയിൽ കോഴ്സ് കോർഡിനേറ്റർ; ഇന്നുകൂടി അപേക്ഷിക്കാം

*മഹാത്മാ ഗാന്ധി സർവകലാശാലയിലെ സെൻറർ ഫോർ ഡിസ്റ്റൻസ് ആന്റ് ഓൺലൈൻ എജ്യുക്കേഷനിൽ(സിഡിഒഇ) ഓൺലൈൻ എംബിഎ പ്രോഗ്രാമിന്റെ കോഴ്സ് കോർഡിനേറ്റർ തസ്തികയിൽ ഓപ്പൺ വിഭാഗത്തിലെ ഒരു ഒഴിവിലേക്ക് ഇന്നുകൂടി(ജനുവരി 28) അപേക്ഷിക്കാം. കരാർ അടിസ്ഥാനത്തിൽ ഒരു വർഷത്തേക്കാണ് നിയമനം.*

*പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ സേവന കാലാവധി ദീർഘിപ്പിക്കാൻ സാധ്യതയുണ്ട്. 55 ശതമാനം മാർക്കോടെ എംബിഎയും, യുജിസി നെറ്റ് അല്ലെങ്കിൽ പിഎച്ച്ഡിയും ഉള്ളവരെയാണ് പരിഗണിക്കുന്നത്. 2025 ജനുവരി ഒന്നിന് 50 വയസ് കവിയരുത്. നിയമാനുസൃത വയസിളവ് അനുവദിക്കും.*

*പ്രതിമാസ വേതനം 40000 രൂപ.അപേക്ഷ* recruitmentada7@mgu.ac.in *എന്ന ഇമെയിൽ വിലാസത്തിലാണ് അയയ്ക്കേണ്ടത്. വിശദ വിവരങ്ങൾ വെബ് സൈറ്റിൽ.*

*(പി.ആർ.ഒ/39/1257/2025)*

## പ്രാക്ടിക്കൽ

*മൂന്നാം സെമസ്റ്റർ എംഎസ്സി കമ്പ്യൂട്ടർ സയൻസ് (സിഎസ്എസ് 2023 അഡ്മിഷൻ റഗുലർ, 2019 മുതൽ 2022 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ് ഒക്ടോബർ 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ജനുവരി 30ന് നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ*

*(പി.ആർ.ഒ/39/1258/2025)*

## വൈവ വോസി

*ഒന്നാം സെമസ്റ്റർ എംബിഎ (2021 മുതൽ 2023 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി, 2019, 2020 അഡ്മിഷനുകൾ ആദ്യ മെഴ്സി ചാൻസ് ഡിസംബർ 2024) പരീക്ഷയുടെ വൈവ വോസി പരീക്ഷ ജനുവരി 29ന് തൃക്കാക്കര, ഭാരത് മാതാ കോളജിൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.*

*(പി.ആർ.ഒ/39/1259/2025)*

പബ്ലിക് റിലേഷൻസ് ഓഫീസർ